# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ഏപ്രിൽ 6 | ദീപം 56 | നാളം 6 | Published from : PALA | പേജ് 20 | വില 8 രൂപ | www.deepanalam.org




# ഉത്ഥിതൻ നല്കുന്ന സമാധാനം



കർദിനാൾ ബസേലിയോസ് മാർ ക്ലീമിസ് ബാവാ

യേശുവിന്റെ കല്ലറയിൽ നിന്ന് ഉരുട്ടിമാറ്റിയിരിക്കുന്ന കല്ല് (വി. ലൂക്കാ 24:2) വലിയ സൂചനയാണ്. ഭാരമുള്ള ഒരു കല്ലിന്റെ ബലത്തിൽ യേശുക്രിസ്തുവിന്റെ നിത്യതയിലേക്കു നീളുന്ന ജീവിതത്തെ തളച്ചിടാമെന്നു കരുതിയവർക്കു തെറ്റുപറ്റി. ഏതു ഭാരമുള്ള പാറയും സീൽ വച്ചിരിക്കുന്ന പാളികളും അവന്റെ ജീവശ്വാസത്തിനുമുമ്പിൽ വഴിമാറും. കാവൽപ്പടയാളികളുടെ ആയുധങ്ങളും സംരക്ഷണകവചങ്ങളും അവന്റെ മുമ്പിൽ നിലംപതിക്കും.

തുറന്നുകിടക്കുന്ന കല്ലറ സൂചിപ്പിക്കുന്ന ചില യാഥാർഥ്യങ്ങളുണ്ട്. നഷ്ടപ്പെട്ടുപോയി എന്നും എന്നന്നേക്കുമായി കൈവിട്ടുപോയി എന്നും കരുതുന്നതിനെ തിരികെനൽകാൻ ഉയിർത്തെഴുന്നേറ്റ നിന്റെ കർത്താവിനു കഴിയുമെന്നത് ഉറപ്പുനൽകുന്ന വസ്തുതയാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്ന യാഥാർഥ്യം. അടഞ്ഞുപോയ വാതിലുകളെന്നു നിരാശയോടെ നാം നോക്കിനിൽക്കുന്ന കാഴ്ചകളും ജീവിതത്തിന്റെ സങ്കടവഴികൾക്ക് ഉത്ഥിതനായ കർത്താവു നൽകുന്ന ഉത്തരവും തുറന്നുകിടക്കുന്ന കല്ലറയെ കൂടുതൽ ജീവിതഗന്ധിയാക്കുകയാണ്.

**ഉത്ഥാനം: സാന്ത്വനത്തിന്റെ ക്ഷാളനം**

"യേശുവിന്റെ കുരിശിനരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലോപ്പാസിന്റെ ഭാര്യ മറിയവും മഗ്ദലേനമറിയവും നിൽക്കുന്നുണ്ടായിരുന്നു" (വി. യോഹ. 19:25). എത്രപേരുടെ സങ്കടങ്ങളുടെയും വേദനകളുടെയും പകലിരവുകളിലേക്കാണ് യേശുക്രിസ്തുവിന്റെ ഉത്ഥാനം സാന്ത്വനത്തിന്റെ ക്ഷാളനമായി പെയ്തിറങ്ങുന്നത്.

ക്രിസ്തുനാഥന്റെ മരണത്തിൽ വിറങ്ങലിച്ചുപോയ ഇടങ്ങളെയും കുറെയേറെ പാവപ്പെട്ട മനുഷ്യരെയും ഓർക്കാതെ ഈ ഉത്ഥാനത്തിന്റെ ലാവണ്യം ആസ്വദിക്കാനാകില്ല.

ക്രിസ്തുവിന്റെ നിർമലരക്തത്തിന്റെ ഗന്ധവും പേറി വിറങ്ങലിച്ചുനിന്ന കാൽവരി... മകനെ നഷ്ടപ്പെട്ട തീരാനോവിന്റെ തീച്ചൂളയിൽ കരഞ്ഞുവറ്റിയ മിഴികളുമായി കാത്തിരുന്ന അമ്മ മറിയം... കാൽവരിയുടെ മുകൾപ്പരപ്പിൽ എല്ലാം അവസാനിച്ചെന്ന ആത്മസംഘർഷവുമായി പകലിരവുകളിൽ പകച്ചും കിതച്ചും ഒളിച്ചും കഴിഞ്ഞ ശിഷ്യഗണം... ക്രിസ്തുനാഥന്റെ രക്തഗന്ധം പേറുന്ന തൂവാലയുടെ ഓരം പിടിച്ച് പളുങ്കുപാത്രംപോലെ ചിതറിപ്പോയ മനസ്സുമായി കഴിയുന്ന വെറോണിക്ക.... കുരിശുമരത്തിന്റെ ചുവട്ടിൽ അഭയശിലയെ നഷ്ടപ്പെട്ടതിന്റെ തീരാനോവിൽ കരൾനൊന്തു കരഞ്ഞ മേരിമഗ്ദലന... ഇങ്ങനെ അവനെ ഹൃദയംകൊണ്ടു സ്നേഹിച്ചവർക്കൊക്കെ അവന്റെ മരണം നോവിന്റെ മുറിപ്പാടുകൾ തീർത്തു. അവരുടെ നഷ്ടദുഃഖങ്ങളുടെ വേദനകളിലേക്കും മുറിവുകളിലേക്കും അവനു പ്രത്യാശയുടെ പുതുഗീതവുമായി തിരിച്ചുവരന്ന മതിയാവൂ. ആരെയും ഒറ്റപ്പെടുത്തിയും വേദനിപ്പിച്ചും കടന്നുപോകാൻ അവനു കഴിയില്ല. കാരണം, അവൻ കനിവിന്റെ ദൈവമാണ്, കരുണയുടെ ദൈവമാണ്. ക്രിസ്തുവിന്റെ ഉത്ഥാനം അവനെയോർത്ത് കരഞ്ഞവരുടെ ഹൃദയഭൂമികയിലേക്കു പെയ്തിറങ്ങിയ സാന്ത്വനത്തിന്റെയും കാരുണ്യത്തിന്റെയും ക്ഷാളനമായി മാറി എന്നുസാരം.

**മരണം, അവസാനവാക്കല്ല**

'മറ്റാരെയുമല്ല, അവിടുത്തെത്തന്നെ എന്റെ കണ്ണുകൾ ദർശിക്കും' (ജോബ് 19:27)

മരണം ജീവിതത്തിന്റെ അവസാനവാക്കല്ല. മരണത്തിന്റെ കറുത്ത ചരടുകളെ ഉത്ഥാനത്തിന്റെ ലാവണ്യംകൊണ്ടു വകഞ്ഞുമാറ്റിയ ക്രിസ്തു മരണത്തിനപ്പുറം നീണ്ടുനിൽക്കുന്ന നിത്യതയുടെ സ്വർഗഭൂമികയിലേക്കു വെളിച്ചം വീശുന്നു.

മരണം ബലഹീനരായ നമുക്കു സമ്മാനിക്കുന്നത് മിഴിനീരിന്റെ മഴപ്പെയ്ത്താണ് എന്നതു സ്വാഭാവികം. മക്കളെ നഷ്ടപ്പെട്ടുപോയ മാതാപിതാക്കളുടെ തീരാവേദനയുടെ തേങ്ങലുകൾ... അമ്മയെ നഷ്ടപ്പെട്ട കുരുന്നുകളുടെ നോവുകൾ... ജീവിതത്തിന്റെ പാതിവഴിയിൽവച്ചു മരണം കവർന്നെടുത്ത ജീവിതപങ്കാളിയെക്കുറിച്ചുള്ള നൊമ്പരം കലർന്ന ഓർമകൾ... അപകടമരണങ്ങൾകൊണ്ട് അകാലത്തിൽ പൊലിഞ്ഞുപോയ സുഹൃത്തുക്കളുടെ കനലോർമകൾ... ഇങ്ങനെ നീളുന്നു മരണം ഏല്പിച്ച നോവിന്റെ പട്ടിക. കൊറോണ മഹാമാരിയിലും അപ്രതീക്ഷിതമായി വന്നുഭവിച്ച പ്രകൃതിദുരന്തങ്ങളിലും അപകടമരണങ്ങളിലും പൊലിഞ്ഞുപോയവരുടെ ഓർമകൾ നമ്മുടെ കൺമുമ്പിൽ ഇപ്പോഴും മായാതെ നിൽക്കുന്നുണ്ടാവും.

"എന്തെന്നാൽ, കാഹളം മുഴങ്ങുകയും മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാമെല്ലാവരും രൂപാന്തരപ്പെടുകയും ചെയ്യും" (1 കൊറി. 15:52).

അതേ, മരണം മനുഷ്യന്റെ മിഴികൾ അടച്ചാലും നിത്യതയുടെ സ്വർഗഭൂമികയിൽ ക്രിസ്തുനാഥന്റെ തിരുമുഖം കാണാൻ മാലാഖമാർക്കൊപ്പം ആ അടഞ്ഞ മിഴികൾ തുറക്കപ്പെടും എന്നതിന്റെ ഓർമപ്പെടുത്തലാണ് യേശുക്രിസ്തുവിന്റെ ഉത്ഥാനം.

**എന്തിനാണ് നീ കരയുന്നത്?**

വി. യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിൽ ഉയർന്നുകേൾക്കുന്ന കാരുണ്യത്തിന്റെയും കരുതലിന്റെയും നനുത്ത സ്പർശമുള്ള ചോദ്യം: "സ്ത്രീയേ, എന്തിനാണ് നീ കരയുന്നത്?" (വി. യോഹ. 20:13). ഇരുളിന്റെ മറയുള്ള പുലരിയിൽ ക്രിസ്തുനാഥൻ അവളുടെ മിഴിനീരു കണ്ടു എന്നുള്ളതാണ് ഈ ക്രിസ്തുവാക്യം നമുക്കു നൽകുന്ന പ്രത്യാശ. ഏതു കൂരിരുട്ടിന്റെ ഇരുൾമറയ്ക്കുള്ളിലിരുന്നു നീ കരഞ്ഞാലും ഒരു വെളിച്ചത്തിന്റെയും പിൻബലമില്ലാതെ നിന്റെ കണ്ണീർക്കണങ്ങളെ കാണാൻ കഴിവുള്ള സ്നേഹത്തിന്റെ പേരാണ് ദൈവം എന്ന് ഈ ഉത്ഥാനം നമ്മെ ഓർമപ്പെടുത്തുന്നു. ▶10

# മനുഷ്യസ്നേഹത്തിന്റെ മഹാജ്യോതിസ്സ്



ഡോ. ജോർജ് ഓണക്കൂർ

**ബൈബി**ൾ ജീവന്റെ പുസ്തകമാണ്. മരണത്തിൽനിന്നു ജീവനിലേക്കുള്ള ഉണർവാണ് ബൈബിൾ അടയാളപ്പെടുത്തുന്നത്. അഥവാ, മരണത്തെ ജയിച്ച മനുഷ്യപുത്രന്റെ ഉയിർത്തെഴുന്നേല്പാണ്. പാപംമൂലം മനുഷ്യൻ മരണം വരിച്ചു. ക്രൈസ്തവവിശ്വാസമനുസരിച്ച് പാപംതന്നെയാണു മരണം. മരണത്തിൽനിന്ന് ഉയിർക്കുകയെന്നത് വിശാലമായ അർഥത്തിൽ മരണത്തെ അതിജീവിക്കുകയെന്നാണ്, പാപം ഉപേക്ഷിക്കുകയാണ്. പാപികളായ മനുഷ്യരെ മരണത്തിൽനിന്നു വീണ്ടെടുക്കാൻ, പാപങ്ങളിൽനിന്നു പൂർണമായി മോചിപ്പിച്ചു ജീവിതശാന്തി നല്കുന്നതിന് ഒരിക്കലും പാപക്കറ തീണ്ടിയിട്ടില്ലാത്ത ദൈവത്തിന്റെ തിരുക്കുമാരൻതന്നെ സ്വയം മരണത്തിനു വിട്ടുകൊടുത്തു. പാപികൾക്കൊപ്പം ഏറ്റവും നിന്ദ്യമായി കരുതപ്പെട്ടിരുന്ന കുരിശുമരണം വരിച്ചു. കുരിശിൽ തന്നോടൊപ്പം മരണശിക്ഷയ്ക്കു വിധിക്കപ്പെട്ട അനുതപിച്ച കള്ളന് അവിടുന്നു നിത്യരക്ഷ വാഗ്ദാനം ചെയ്തു. അത് ഒരു വലിയ ദർശനമാണ്. പാപത്തിൽ മരണത്തിനു വിധിക്കപ്പെടുന്നവനും അനുതപിച്ചാൽ നിത്യരക്ഷ സ്വന്തമാക്കുന്നതിന് അവസാനനിമിഷത്തിലും സാധ്യമാകുമെന്ന രക്ഷയുടെ വാഗ്ദാനമാണ് അതിന്റെ രഹസ്യം.

യേശുവിന്റെ ജീവിതം എല്ലാ മനുഷ്യർക്കും നല്കപ്പെട്ട രക്ഷയുടെ വാഗ്ദാനമാണെന്ന് തിരുപ്പിറവിയുടെ സന്ദേശത്തിൽനിന്നു നാം ഗ്രഹിക്കുന്നു. ഭൂമിയിൽ സന്മനസ്സുള്ള സകലമനുഷ്യർക്കും നല്കപ്പെട്ട രക്ഷയുടെ വാഗ്ദാനം. 33 സംവത്സരം ദൈവപുത്രൻ ഈ ഭൂമിയിൽ സാധാരണ മനുഷ്യനായി ജീവിച്ചു. നന്മയുടെ നൽവരങ്ങൾ എല്ലാവർക്കും ഒരുപോലെ നൽകിയനുഗ്രഹിച്ചു. ആരെയും അവൻ അകറ്റിനിർത്തിയില്ല. സ്വജാതീയർക്കും വിജാതീയർക്കും ഒരുപോലെ രക്ഷ പ്രദാനം ചെയ്യുന്നതിനു സന്നദ്ധനായി. അക്കാലത്തെ, നിയമവ്യവസ്ഥകൾ കേവലം ചടങ്ങ് എന്നപോലെ, നിയമാവർത്തനം എന്നപോലെ പിന്തുടരുന്ന ആളുകളിൽനിന്ന് യേശു വ്യത്യസ്തനായിരുന്നു. അവൻ സാബത്ത് ആചരിച്ചില്ല. നഷ്ടപ്പെട്ടുപോയ ആടിനെത്തേടി അലഞ്ഞു. ദൈവാലയത്തിന്റെ ഭണ്ഡാരത്തിൽ നിക്ഷേപിക്കപ്പെടുന്ന പണക്കാരന്റെ സ്വർണനാണയങ്ങളെക്കാൾ വിധവയുടെ കൊച്ചുകാശിനു വില കല്പിച്ചു. പാപികളോടൊത്തു ഭക്ഷണം കഴിച്ചു. തന്റെ വചനം കേൾക്കാൻ ഒത്തുകൂടിയവരെയൊക്കെ വിശപ്പകറ്റി തൃപ്തരാക്കി. സാധാരണമനുഷ്യരുടെ ആവശ്യങ്ങൾപോലും അറിഞ്ഞ് യഥാവിധി അവരെ അനുഗ്രഹിച്ചു.



ഇങ്ങനെ ഒത്തിരിയേറെ അനുഭവങ്ങൾ യേശുവിന്റെ ജീവിതംവഴി വെളിപ്പെടുന്നുണ്ട്. അവന്റെ ജീവിതവും പ്രവൃത്തികളും എല്ലാവർക്കും വേണ്ടിയായിരുന്നു. ദൈവത്തിന്റെ വരപ്രസാദം എല്ലാവർക്കും അനുഭവവേദ്യമാക്കുകയെന്നതായിരുന്നു ആ ജന്മരഹസ്യം. ചുങ്കക്കാരെന്നോ പാപികളെന്നോ ആരെയും അവൻ വിധിച്ചില്ല. വെറുത്തുപേക്ഷിച്ചില്ല. പുണ്യം ചെയ്തവർക്കും അനുതപിക്കുന്ന പാപികൾക്കും ദൈവരാജ്യത്തിൽ ഒരുപോലെ പ്രവേശനം. പശ്ചാത്താപം പ്രായശ്ചിത്തമാണ് എന്നു കരുതി സ്വർഗാനുഭവം ഉറപ്പുവരുത്തിയ ദൈവപുത്രൻ.

ആ മഹാത്മാവിനെയാണ് ദുഷ്ടരായ മനുഷ്യർ കുരിശിൽ തറച്ചത് – പാപികളോടു പൊറുത്തതിന്, അശരണർക്ക് അഭയം നല്കിയതിന്, കാണാതായ കുഞ്ഞാടിനെ തേടിയിറങ്ങിയതിന്, സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ടവരെ, ഒഴിവാക്കപ്പെട്ടവരെ കൂടെനിർത്തിയതിന്. അത് ധാർമികനീതി നഷ്ടപ്പെട്ട ലോകത്തിന്റെ ഗതിവിശേഷം. അത് തിരുത്തിക്കുറിക്കുക എന്ന ലക്ഷ്യത്തോടെയാണ് ദൈവപുത്രൻ അവതരിച്ചത്. അവന്റെ ശിഷ്യഗണങ്ങളിൽ ചുങ്കക്കാരും പാപികളും ഉണ്ടായിരുന്നു. സമൂഹം പുറന്തള്ളിയ ശുദ്ധാത്മാക്കളുണ്ടായിരുന്നു. പാർശ്വവത്കരിക്കപ്പെട്ട സ്ത്രീജനങ്ങളുണ്ടായിരുന്നു. നല്ലവരെമാത്രം തിരഞ്ഞുപിടിച്ച് സ്വർഗത്തിന്റെ അനുഭവം അവകാശമാക്കി നല്കുകയല്ല; നഷ്ടപ്പെട്ട കുഞ്ഞാടിനെയും ചേർത്തുപിടിച്ച് ആലയിൽ സുരക്ഷിതമാക്കുകയാണ് അവൻ ചെയ്തത്.

അതു കാലത്തിനു തിരിച്ചറിയാൻ കഴിയാത്ത ദൈവവിധിയുടെ ദർശനം. അങ്ങനെ ജീവിതം നഷ്ടപ്പെട്ടുപോയവർക്ക് അതു തിരിച്ചുപിടിക്കാൻ അവൻ നിമിത്തമായി. സ്വർഗരാജ്യം ധനാധിപത്യംകൊണ്ടും സമൂഹത്തിലെ സ്വാധീനംകൊണ്ടും തങ്ങൾക്കുമാത്രം കൈയടക്കാമെന്നു വ്യാമോഹിച്ച വിഡ്ഢികൾ നിത്യസമാധാനത്തിൽനിന്നു പുറന്തള്ളപ്പെട്ടു. യേശുവിനുമുമ്പ് ആരും ഇത്ര വിശാലമായ ഒരു മാർഗം അവലംബിച്ചിട്ടില്ല. പാപികൾക്കു മോചനം നല്കാൻ, കാണാതായ ജീവനെ കണ്ടെത്താൻ, രക്ഷിക്കാൻ മെനക്കെട്ടിട്ടില്ല. അവൻ മരിച്ചവരെ ഉയിർപ്പിച്ചു. തളർവാതക്കാരനെ പരാശ്രയമില്ലാതെ ജീവന്റെ വഴിയിലൂടെ നടത്തി. പാപികൾക്കു മോചനവും മരിച്ചവർക്കു ജീവന്റെ വെളിച്ചവും തിരികെനൽകി. നന്മയുടെ, ദൈവികതയുടെ മഹാസന്ദേശമായി രൂപാന്തരപ്പെട്ട ആ ദൈവപുത്രനെ കുരിശിൽ തറച്ചുകൊന്ന, വിനോദിച്ച മഹാപുരോഹിതന്മാരും അവരുടെ അനുചരവൃന്ദവും ലജ്ജിച്ചു തല കുനിച്ച മഹാനിമിഷമാണ് ഉയിർത്തെഴുന്നേല്പിന്റെ ദിവ്യമുഹൂർത്തം. ദുഃഖവെള്ളിയാഴ്ച രാത്രി അടക്കം ചെയ്ത അവന്റെ ജഡം യഹൂദവിധിപ്രകാരം ആഴ്ചവട്ടത്തിന്റെ ഒന്നാംനാളിൽ സുഗന്ധദ്രവ്യങ്ങൾ പൂശിവണങ്ങാൻ വന്നെത്തിയ പാവപ്പെട്ട സ്ത്രീജനങ്ങളോടു ദൈവദൂതൻ പറയുന്നത് ഇങ്ങനെ: "ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെയിടയിൽ അന്വേഷിക്കുന്നതെന്തിന്? അവൻ ഇവിടെയില്ല, ഉയിർപ്പിക്കപ്പെട്ടു. മനുഷ്യപുത്രൻ പാപികളുടെ കൈയിൽ ഏല്പിക്കപ്പെടുകയും മൂന്നാം ദിവസം ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യേണ്ടിയിരിക്കുന്നുവെന്ന് അവൻ ഗലീലിയിൽ ആയിരുന്നപ്പോൾ നിങ്ങളോടു പറഞ്ഞത് ഓർമിക്കുവിൻ."

ആ സന്ദേശവും ഒരു അദ്ഭുതമാണ്. യഹൂദമതത്തിൽ പാർശ്വവത്കരിക്കപ്പെട്ടിരുന്ന, വ്യക്തിത്വം അംഗീകരിച്ച് ആദരം നൽകുന്നതിനു വിസമ്മതിച്ചിരുന്ന സ്ത്രീജനങ്ങളോടുതന്നെയാണ് ഉത്ഥാനത്തിന്റെ രഹസ്യം വെളിപ്പെടുത്തുന്നത്. അവന്റെ ജനനവൃത്താന്തം ബേത്‌ലഹേം താഴ്‌വരയിൽ ആടുമാടുകളെ മേച്ചുകഴിഞ്ഞിരുന്ന പാവപ്പെട്ട ഇടയന്മാർക്കാണു നല്കപ്പെട്ടതെന്ന് ഇവിടെ ഓർമിക്കാം. അതുപോലെതന്നെ സാധാരണജനങ്ങളെ അവരുടെ നന്മ തിരിച്ചറിഞ്ഞ് ദൈവഹിതം വെളിപ്പെടുത്തുന്നതിനു തിരഞ്ഞെടുക്കുകയാണു ചെയ്യുന്നത്.

ഇങ്ങനെ ക്രിസ്തുവിന്റെ ജനനവും ഉയിർത്തെഴുന്നേല്പും അദ്ഭുതകരമായി വിശുദ്ധഗ്രന്ഥത്തിൽ നാം വായിച്ചറിയുന്നു. തിരുപ്പിറവിപോലെ അദ്ഭുതകരവും ആനന്ദകരവുമാണ് ഉയിർത്തെഴുന്നേല്പിന്റെ അറിയിപ്പും. ഒരർഥത്തിൽ ഈസ്റ്ററിനു മാധുര്യമേറും. എന്തുകൊണ്ടെന്നാൽ, മരണത്തെ പരാജയപ്പെടുത്തിയ മനുഷ്യപുത്രന്റെ മഹത്ത്വമാണ് ഈസ്റ്റർ വെളിപ്പെടുത്തുന്നത്. ദുഃഖവെള്ളിയാഴ്ച ആത്മദുഃഖംകൊണ്ട് വാടിത്തളർന്നവർക്ക് ഒരു പുതുജീവൻ ലഭ്യമാകുന്നു. അതാകട്ടെ, കാലങ്ങളോളം ദീപ്തി പരത്തി ലോകമാകെ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും വിളംബരമായി നിലനില്ക്കുന്നതുമാണ്.

യേശു മരിക്കുകയും മരിച്ചവരിൽനിന്ന് ഉയിർക്കുകയും ചെയ്തു. പാപത്തിന്റെ ബന്ധനങ്ങൾ പൂർണമായി അഴിച്ചുകളഞ്ഞു. യേശു മനുഷ്യാവതാരം ചെയ്തു എന്നതിനപ്പുറം മനുഷ്യനായി ജീവിച്ച്, പീഡകൾ സഹിച്ച്, കുരിശിൽ മരിച്ച്, സാധാരണമായ വിധത്തിൽ കല്ലറയിൽ അടക്കപ്പെട്ട് ഒടുവിൽ ഉയിർത്തെഴുന്നേറ്റു എന്നതാണ് മനുഷ്യരക്ഷയുടെ അടയാളം. ജീവിതത്തിൽ പ്രത്യാശയുടെ വെളിച്ചമായി നിലനിൽക്കുന്നതും അതാണ്. കാലങ്ങളോളം ആ പ്രകാശം നിലനില്ക്കുന്നു, ജീവിതത്തിൽ വഴികാട്ടുന്നു. കുരിശിൽ തൂങ്ങിമരിച്ച മനുഷ്യനല്ല. കല്ലറയിൽനിന്ന് ഉത്ഥാനം ചെയ്ത ദൈവപുത്രനാണ് നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രം, രക്ഷയുടെ കവചം. മുന്നോട്ടുള്ള ജീവിതത്തിൽ കാലുകളിടറാതെ വെളിച്ചത്തിന്റെ താഴ്‌വരയിലൂടെ നമ്മെ നയിക്കുന്ന മഹാജ്യോതിസ്സും അവൻതന്നെ. സ്ത്രീകളിൽനിന്നു ജനിച്ചവരിൽ യേശുവിനെപ്പോലെ പൂർണനായവൻ, മഹത്ത്വമുള്ളവൻ വേറേയില്ലായെന്ന് വേദപ്രമാണത്തെ ആധാരമാക്കി നാം ഗ്രഹിക്കുന്നു. അത് അദ്ഭുതകരമായ അറിവാണ്. ദൈവികമായ വെളിപാടാണ്. സമാനതകളില്ലാത്ത ദിവ്യാനുഗ്രഹമാണ്. എല്ലാവർക്കും ഉത്ഥാനത്തിന്റെ ഉത്സാഹവും സന്തോഷവും ഉൾക്കൊള്ളാൻ കഴിയട്ടെ. ദൈവികമായ അനുഗ്രഹം സകലമനുഷ്യർക്കും ഒരുപോലെ നിത്യശാന്തി നൽകട്ടെ.

■

PALA STEEL & CEMENTS
Market Road, Pala
Ph: 04822-212977, 211882, 9447114015, 9778137731
Authorised Dealers in:
JSW NEOSTEEL PURE TMT BARS
RAMCO SUPERGRADE
durashine TATA BLUESCOPE STEEL
TATA TISCON JOY OF BUILDING
METCON TMT BARS
TATA STRUCTURA

കഥ

# അണ്ണാച്ചിക്കുന്ന്

നിഷ ആന്റണി

മലയടിപ്പാതയിലെ ടാറിടാത്ത റോഡിലൂടെ പാഷൻ പ്ലസ് ബൈക്കിൽ ബിജുക്കുട്ടന്റെ പുറത്തൊട്ടിക്കൊണ്ട് അണ്ണാച്ചിക്കുന്നിലേക്കുള്ള യാത്രയിൽ താനൊരു സിനിമയിൽ അഭിനയിച്ചോണ്ടിരിക്കുകയാണെന്നാണ് ജമന്തിക്കു തോന്നിയത്.

മീനച്ചൂട് പുകഞ്ഞുകത്തുന്ന നേരത്താണ് പോക്കെങ്കിലും ടൂറിന് കോട്ട് മസ്റ്റാണല്ലോന്നു വിചാരിച്ചിട്ട് സാരിയുടെ മുകളിൽ കൂടി ഒരു ഹാഫ് കോട്ട് ധരിച്ചാണ് ജമന്തിയിരുന്നത്. മേലങ്ങാടിയിലെ വാസുവണ്ണന്റെ പൂക്കടയുടെ മുന്നിലെത്തിയപ്പോൾ കെട്ടിയവനു മാത്രം മനസ്സിലാകുന്ന ഭാഷയിൽ ജമന്തി രണ്ടു വിരൽ കൊണ്ട് ബിജുക്കുട്ടന്റെ വയറ്റിലൊന്നു നുള്ളി.

ബിജുക്കുട്ടൻ ബൈക്ക് സൈഡിലേക്കു നിർത്തി മുഖം തിരിച്ചു ചോദിച്ചു:

എന്നാ?

അഞ്ചു തവണ ബിജുക്കുട്ടനോടൊപ്പം വിവാഹവാർഷികം ആഘോഷിച്ചുകഴിഞ്ഞെങ്കിലും ജമന്തിക്ക് പെട്ടെന്ന് എവിടെനിന്നോ നാണം പൂത്തു പൊട്ടി. അവൾ കൺമുനയാൽ വാസുവണ്ണന്റെ കടയിലേക്ക് ബിജുക്കുട്ടന്റെ ദൃഷ്ടിയെ പായിച്ചു.

പൂ വേണോ?

ഉം.

മുല്ലപ്പൂവാ...?

ഉം.

എത്ര മുഴം?

രണ്ട്. ജമന്തി കൈവിരലുകൾ വി ആകൃതിയിൽ ഉയർത്തി.

ബിജുക്കുട്ടൻ വാസുവണ്ണന്റെ കടേലോട്ടു പോയ സമയത്ത് ബൈക്കിന്റെ സൈഡ് മിററില് നോക്കി ജമന്തി സാരിത്തുമ്പു കൊണ്ട് മുഖത്തെ വിയർപ്പും പൊടീം ഒപ്പം കണ്ണീന്നു പെരങ്ങിയ കൺമഷീം തുടച്ചു.

ബിജുക്കുട്ടൻ തിരികെവന്നു.

ഞാൻ തലേമ്മല് ചൂടിത്തരട്ടെ.

ബിജുക്കുട്ടൻ വാഴനാര് പൊട്ടിച്ച് മുല്ലപ്പൂ പുറത്തെടുത്തു.

ഉം.

കല്യാണത്തിനു തലകുനിച്ചു നിന്നപ്പോ ഉണ്ടായിരുന്ന അതേ മുഖഭാവത്തോടെ ജമന്തി ബിജുക്കുട്ടന്റെ മുന്നിൽ പിൻതിരിഞ്ഞു നിന്നു.

ബൈക്ക് വീണ്ടും ചലിച്ചു.

നീളൻമരങ്ങളും, പുഴയോരവും കൈതക്കുന്നുകളും കഴിഞ്ഞ് അണ്ണാച്ചിക്കുന്നിന്റെ ചോട്ടിലെത്തുമ്പോൾ ജമന്തിയുടെ മുഖം വെയിലത്ത് ചുവന്നു മൂത്തിരുന്നു.

‘ഇനി വെയിലില്ല. തണൽ മാത്രം. നീയിവിടെ നിൽക്ക്. ഞാനൊന്നു രണ്ടു സാധനങ്ങൾ വാങ്ങി വരാന്നു പറഞ്ഞ് ബിജുക്കുട്ടൻ പോയപ്പോ വെള്ളപ്പുകപിടിച്ച തണുത്ത കാറ്റ് ജമന്തിയെ തൊട്ടോടി.

ഒരു പായ്ക്കറ്റ് മസാലക്കടല. ഒരു മൺകലം. ഒരു കിലോ കപ്പ. ഉപ്പ്. മഞ്ഞൾപൊടി. മുളകു പൊടി. ഒരു സിന്തോൾ സോപ്പ്.

ബിജുക്കുട്ടൻ പാലാപ്പള്ളി തിരുപ്പള്ളി എന്ന പാട്ടും പാടി തിരികെ വന്നു.

“ഇനീം കൊറെയൊണ്ടോ?” ജമന്തി ചോദിച്ചു

“ഇല്ല. ദേ ആ കാണുന്ന മലേടെ തുമ്പത്താണ് നമ്മുടെ ഡെസ്റ്റിനേഷൻ. നീ കേറ്.”

ക്യാമറാമാന്റെ ക്യാമറ തന്നെ പിൻതുടരുന്നു എന്നു വിചാരിച്ചോണ്ടു തന്നെ ജമന്തി ഒരു വശത്തേക്കു മാത്രം കാലുകൾ താഴ്ത്തിയിട്ട് നീണ്ടു മെടഞ്ഞ് മുല്ലപ്പൂ കുത്തിയ തലമുടി മുന്നിലേക്കിട്ടിരുന്നു. വലതുകൈ അപ്പോഴും ബിജുക്കുട്ടന്റെ അരയ്ക്കു ചുറ്റും പിടിച്ച് പൂർണ്ണാവകാശപ്രഖ്യാപനം നടത്തിക്കൊണ്ടിരുന്നു.

അണ്ണാച്ചിക്കുന്നിലേക്ക് എത്തുമ്പോഴേക്കും സൂര്യൻ നെറുകേന്നു മാറി പടിഞ്ഞാറിറങ്ങാൻ തുടങ്ങിയിരുന്നു. തന്നെ കടന്നുപോകുന്ന തണുത്ത കാറ്റിനെ മുഴുവൻ ജമന്തിയുടെ സാരിത്തുമ്പും, തലമുടീം യാത്രയയച്ചു പോന്നു.

അണ്ണാച്ചിക്കുന്നിന്റെ അറ്റത്ത് ബൈക്ക് നിന്നു. ബൈക്കീന്ന് ഇറങ്ങിയ ജമന്തിക്ക് സ്വന്തം കണ്ണുകളെ വിശ്വസിക്കാനായില്ല. മതിമറന്നുപാടുന്ന ഒരു പറ്റം കിളികളുടെ പാട്ടിൽ മഞ്ഞിലേക്കമരാൻ പോകുന്ന അണ്ണാച്ചിക്കുന്ന്. ഒഴുകുന്ന കാട്ടാറ്. പുഴയെ ഉമ്മ വച്ചുകൊണ്ടു മാത്രം നനഞ്ഞു നിവരുന്ന കാട്ടുമരങ്ങൾ. തൊട്ടുമുകളിലായി നിലത്തു കരിമ്പടം വിരിച്ച പോലെ നിരന്ന പാറ. കാറ്റു തൊട്ടതിനാൽ മാത്രം കുറ്റിക്കാടുകളുടെ ഇടയിൽനിന്നും തല പുറത്തേക്കിട്ടു ചിരിക്കുന്ന കാട്ടുമുല്ലത്തലപ്പുകൾ.

ജമന്തി ഓടിച്ചെന്ന് ഒരു മൊട്ടപ്പാറയിൽ കയറിനിന്നു.

‘‘ഞാനൊന്നു കൂവട്ടോ.’’ ജമന്തി ചോദിച്ചു.

“ഞാനും കൂടട്ടെ.” ബിജുക്കുട്ടൻ ചോദിച്ചു.

രണ്ടാളും നീട്ടിക്കൂവി. കാറ്റിനൊപ്പം അതിരു വിട്ട് അതിരു കാണാൻ പോയ കൂവലുകൾ അരനിമിഷത്തിൽ പ്രതിധ്വനിയായി തിരിച്ചെത്തിയപ്പോൾ ബിജുക്കുട്ടനും ജമന്തിയും പൊട്ടിച്ചിരിച്ചു.

‘‘നെനക്ക് സെൽഫി എടുക്കണ്ടേ?”

“വേണം.”

അസ്തമിച്ചിറങ്ങുന്ന സൂര്യനഭിമുഖമായി ബിജുക്കുട്ടൻ ജമന്തിയെ നിർത്തി. അന്നുരാത്രി ബിജുക്കുട്ടനും ജമന്തിയും ഒന്നിച്ച് പുഴവെള്ളത്തിന്റെ കുളിരറിഞ്ഞു. സ്വാതന്ത്ര്യം കിട്ടിയ പെണ്ണൊച്ച അണ്ണാച്ചിക്കുന്നിന്റെ അതിർത്തികൾവിട്ട് ആകാശത്തേക്കും ഭൂമിയിലേക്കും മിന്നൽ പോലെ കയറിച്ചെന്നു. വിശന്നപ്പോ വളഞ്ഞു പുളഞ്ഞ കൂരിമീനൊന്നിനെപ്പിടിച്ച് വെട്ടി മുളക് പുരട്ടി ബിജുക്കുട്ടൻ മൺചട്ടിയിൽ വറുത്തു. കപ്പ വേവിച്ചുടച്ചു. കാട്ടുമുളക് എണ്ണയും ഉപ്പും കൂട്ടി ഞെരടി കപ്പയ്ക്ക് കൂടെ കൂട്ടി. എല്ലാംകഴിഞ്ഞ് പുഴവെള്ളത്തിൽ കയ്യും മുഖവും കഴുകി ആകാശം നോക്കി കെട്ടിയവന്റെ നെഞ്ചത്തു തല വച്ചുകിടന്നപ്പോ, ഇത്തരം ഘട്ടങ്ങളിൽ ഏതു പുരുഷനും ചോദിക്കുന്ന ഒരു ചോദ്യം ജമന്തിയുടെ തലയിൽ തഴുകിക്കൊണ്ട് ബിജുക്കുട്ടനും ചോദിച്ചു.

“നീ ഹാപ്പിയല്ലെ?”

“ഉം. പക്ഷേ, ഫോട്ടോകൂടി സ്റ്റാറ്റസ് ഇടണം.”

ഓരോ ഫോട്ടോയും ദേശം പ്രകാശനം ചെയ്ത അടയാളമായി ഫേസ്ബുക്കിലേക്കും, വാട്ട്സാപ്പിലേക്കും എറിഞ്ഞപ്പോ വരാനിരിക്കുന്ന വലിയ വെടിക്കെട്ടിന്റെ കൊടിയേറ്റമാണ് താനിവിടെ പോസ്റ്റ് ചെയ്തതെന്ന് ജമന്തി ഓർത്തതേയില്ല.

വലതുകൈയിൽ നേർത്ത പാലൊഴിച്ച ചായയും, ഇടതു കൈയിൽ കുട്ടിരാമേട്ടന്റെ മകനോട് തവണവ്യവസ്ഥയിൽ വാങ്ങിച്ചെടുത്ത സാംസങ്ങിന്റെ സെക്കന്റ് ഹാൻഡ് മൊബൈലിൽ തലേന്നു നടന്ന മാരക പെർഫോമൻസ് കാഴ്ചവച്ച കുടു



മ്മശ്രീ ടൂറിന്റെ വ്യക്തമല്ലാത്ത ചില ഫോട്ടോകളും തോണ്ടിക്കൊണ്ടിരുന്ന പുലർച്ചേലാണ് രമണിക്ക് എല്ലിനിടയിൽ കൈക്കോട്ടുകൊണ്ട് കുത്തിയ ഒരനുഭവം ഉണ്ടായത്. അതു വരെ മിച്ചറിലെ വെളുത്ത പരിപ്പു മാത്രം തെരഞ്ഞുപിടിച്ച് തിന്നോണ്ടിരുന്ന രമണിയുടെ കണ്ണ് പെട്ടെന്നാണ് ഒരു ഫോട്ടോയിലേക്കും, അതിന്റെ താഴെ വന്ന കമന്റിലേക്കും നൂറുമീറ്റർ വേഗത്തിലിറങ്ങിച്ചെന്നത്. അതിനു ശേഷം മിച്ചറുതീറ്റയിലെ താളമെല്ലാം തെറ്റി കയ്യിൽ കിട്ടിയത് ഏതെന്നു കണക്കാക്കാതെ രമണി എരിവിനെ മുഴുവൻ വാരിത്തിന്നു. ഗ്ലാസിൽ ബാക്കിയുണ്ടായിരുന്ന ചായ വെളുമ്പിയാടിന്റെ മൺകലത്തിലേക്കൊഴിച്ചശേഷം ഇട്ടിരുന്ന നൈറ്റി ഒന്നേച്ചുകുത്തി വേലിക്കലെ ചുക്ക്റു മണി ചീരയുടെ വിളുമ്പത്ത് രമണി ചെന്നു നിന്നു. കൈയിലുണ്ടായിരുന്ന മൊബൈൽ തൊണ്ടിമുതലാണെന്ന ഭാവേന രമണി നൈറ്റിയുടെ ഏച്ചുകുത്തിയിരുന്ന വയറോടു ചേർത്തുപിടിച്ചു.

‘എടീ വനജേ’ എന്ന് രമണി വിളിച്ചു കൂവിയ നേരത്ത് വനജ ആ ആഴ്ച ഇറങ്ങിയ മനോരമ വാരികയിലെ ‘വിട പറയും നേരം’ എന്ന നോവലിലേക്കു ബോധം കെട്ടിറങ്ങിയിരുന്നു.

വനജേ എന്നു രമണി അഞ്ചു പ്രാവശ്യം ആവർത്തിച്ചു വിളിച്ചപ്പോ മാത്രമാണ് വനജ നോവലിനോടു വിട പറഞ്ഞ് രമണിയുടെ അടുത്തേക്ക് ഓടിയെത്തിയത്.

“എന്തോന്നാടീ നീ കണ്ടോ?”

“എന്ത്?”

“നമ്മുടെ ജമന്തി സൂര്യന്റെ ചോട്ടില് നിക്കണ ഫോട്ടോ.”

“ഏടെ?”

“ഓടെ ഫെയ്സ്ബുക്കിലും വാട്ട് സാപ്പിലും”

“അയിനിപ്പോ നെനക്കെന്നാ?”

“എന്നാന്നോ?”

“ഓളല്ലെ കുടുമ്മത്ത് ബിജുക്കുട്ടന്റമ്മ തന്ന്യാന്നും പറഞ്ഞ് മ്മടെ കൂടെ ടൂറിനു പോരാണ്ടിരുന്നെയ്.”

“അയിന്?”

നോവലിൽനിന്നും പൂർണമായും വിട പറയാതിരുന്ന വനജ വീണ്ടും ഒരു കൈ എളിക്കുകുത്തി ചോദിച്ചു.

“എന്നെക്കൊണ്ട് പറയിപ്പിക്കല്ല് വനജെ”

“നെന്റെ കെട്ട്യോന്റെയടക്കം നൂറുകണക്കിനു കമന്റാ അതിനു താഴെ വന്നേക്കുന്നത്.”

കേട്ടു നിന്ന വനജയുടെ മുഖം പെട്ടെന്ന് കലിപ്പ് മോഡിലായി. തൊണ്ടി മുതൽ പരിശോധിച്ച് രമണീടെ ഭർത്താവിന്റേതടക്കം, തന്റെ കെട്ട്യോന്റേം, മരുമോന്റേം കമന്റുകൾ കണ്ടപ്പോ വനജയുടെ മുഖഭാവം ഓറഞ്ച് കലിപ്പ് മോഡിൽ നിന്നും റെഡ് കലിപ്പ് മോഡിലേക്ക് അതിവേഗം മാറി.

ആദ്യമായി ഒരു ഗോൾ എതിർടീമിന്റെ വലയിലേക്ക് അടിച്ചു കയറ്റിയതിന്റെ ആവേശത്തോടെ രമണി തുടർന്നു:

“അഹമ്മതിയല്ലെ ഓള് കാണിച്ചത്? ഇമ്മളെ കൂടെ ബയനാട്ടില്ക്ക് വരാൻ പറഞ്ഞപ്പോ ഓക്ക് കുടുമ്മണ്ടേയ്ന്. ഈനെതിരെ എന്തേലും ഒരു നടപടി വേണ്ടെ?”

നിമിഷങ്ങൾകൊണ്ട് രമണിയുടെ വീടതിര് കുടുമ്മശ്രീയുടെ യോഗമിരിപ്പുകേന്ദ്രമായി മാറി.

“ഇതേതാ സ്ഥലം? കോയിക്കോടാ?”

മീത്തൽതൊടികയിലെ പങ്കജം ഫോട്ടോ സൂം ചെയ്തു കൊണ്ടു ചോദിച്ചു.

‘‘കോയിക്കോടൊന്നുവല്ല. ഇത് കന്യാകുമാരിതന്ന്യാന്ന്. മോന്ത്യേരത്തെ സൂര്യനെ ഇത്ര ബങ്ങീല് ആദ്യാ കാണുവാ.’’ സുജനയുടെ സൂക്ഷ്മദൃഷ്ടികൾ ദേശത്തെ സൂര്യനെ വിട്ട് കന്യാകുമാരിയിലേക്കു പറന്നു.

അതു മാത്രല്ല ഈ പാറേം തെളിവന്ന്യാ.

“അപ്പോ ഓള് നാരാണീച്ചേനും തനിയെ വിട്ടിറ്റാലെ പോയത്. നാലും ജമന്തിക്ക് ഇമ്മളോടിത് ബേണ്ടീല്ലായ് നു.”

വീട്ടുവേലിക്കൽ നിന്നിരുന്ന ഇരുമ്പൻപുളിമരത്തിലെ മുതിരാൻ നിന്നിരുന്ന കുഞ്ഞിരുമ്പങ്കായകൾ മുഴുവൻ കുടുമ്മശ്രീ പ്രജകൾ ജമന്തിയെ കൂട്ടിത്തിന്നു.

“ഇനീപ്പോ എന്താ?”

“ഇനീപ്പം അദ് തന്നെ. കുടുമ്മശ്രീയുടെ നെയമങ്ങള് അനുസരിക്കാത്തോര് ഇദീ തൊടരേണ്ട. മ്മക്ക് മെമ്പറാടെ പൂവ്വാം. ഓര് പറേട്ട്.”

കടുത്ത അസന്തുലിതാവസ്ഥ നിറഞ്ഞുനിൽക്കുന്ന കുടുമ്മശ്രീയുടെ സ്ത്രീതാരകങ്ങൾക്കിടയിൽ മെമ്പർ ഗുണശേഖരൻ ഡയറി വീശിക്കൊണ്ടിരുന്നു. മറ്റേത് പ്രശ്നങ്ങളെക്കാളുപരിയായി ഇത്തരം പ്രതിസന്ധികൾ സൃഷ്ടിക്കുന്ന ദുരവസ്ഥയെ നേരിടാൻ ഗുണശേഖരൻ തന്റെ പഴയ കേസുകൾ അടങ്ങുന്ന ഡയറിയുമായാണ് വന്നത്. എന്നാൽ ഇപ്പോൾ നേരിടേണ്ടി വന്ന കേസ് സമീപകാലത്തൊന്നും താനിടപെട്ട് പരിഹരിച്ചതായി ഡയറി സാക്ഷ്യപ്പെടുത്തിയില്ല.

പത്തിരുപത് വലിയ കണ്ണുകൾ ഗുണശേഖരന്റെ മുഖത്തേക്കു നോട്ടമിട്ട് താടിക്കു കൈയും കൊടുത്തിരുന്നു.

“ഓരിട്ട ഫോട്ടോയുടെയും കമന്റിന്റേം പ്രശ്നവാണെങ്കി ഇങ്ങളും ടൂറ് പോയ ഫോട്ടം ഇട്. ഞാൻ കമന്റും ലൈക്കും ഇടാം. വേണോങ്കി പതിനാലിലേം, പതിനഞ്ചിലേം മെമ്പർമാരെക്കൊണ്ടൂടി ലൈക്കിടിപ്പിക്കാം. ഓര് ഇമ്മടെ കൂട്ടരാണ്.”

“അയില് ഇങ്ങട പ്രശ്നം തീരുവാ?”

ഗുണശേഖരൻ ആദ്യത്തെ പോയിന്റെറിഞ്ഞു.

ഫോട്ടോയുടെ കാര്യം കേട്ടപ്പോത്തന്നെ ഫ്ളാഷ് ബാക്ക് പോലെ ചില അടി, ഇടി സീനുകൾ രമണിക്ക് ഓർമ വന്നു. രമണി ഇടങ്കണ്ണിട്ട് സരോജത്തിനെ നോക്കി. ലോണെടുത്തതിന് വനജയ്ക്ക് ജാമ്യം നിന്നു എന്ന ഒരൊറ്റക്കാരണത്താൽ മാത്രം മരുമോന്റെ പെങ്ങടെ കൊച്ചിന്റെ കല്യാണത്തിനു കൊടുക്കാൻ വച്ചിരുന്ന ഒരു ഗ്രാമിന്റെ മോതിരം പണയം വച്ച് വനജയുടെ അടവുതെറ്റിയ ലോൺ സരോജം തിരിച്ചടച്ചതും അതിനേത്തുടർന്നുണ്ടായ പ്രശ്നങ്ങളും ടൂറിനു സംസാരിക്കരുത് എന്ന കുടുമ്മശ്രീ സെക്രട്ടറിയുടെ കടുത്ത നിർദേശത്തെപ്പോലും അവഗണിച്ച് വനജയും, സരോജവും ടൂർ തൊടങ്ങിയപ്പോഴേ കൊമ്പ് കോർക്കൽ തുടങ്ങി. അതേറ്റു പിടിച്ച് ഡ്രൈവറൊഴികെ ബാക്കീള്ളോരു മുഴുവൻ പൊളിറ്റിക്കൽ കറക്റ്റ് നെസ് ഇല്ലാത്ത വാക് പോരിൽ കൈമെയ് മറന്ന് ഏർപ്പെട്ടു. അതിന്റിടേൽ എങ്ങനേലും ബസ്സിന്റെ നടൂല് ‘യോ’ വച്ച ഒരു ഫോട്ടോ എടുക്കാൻ തൊടങ്ങിയ സുസ്മിതയുടെ മൊബൈൽ വനജ തട്ടിത്തെറിപ്പിച്ചതടക്കമുള്ള ഡാർക്ക് സീനുകൾ രമണിയുടെ ഇടങ്കണ്ണിൽക്കൂടി എല്ലാവരിലേക്കും പാഞ്ഞു.

ശേഷം 10-ാം പേജിൽ



നോവൽ 23 ഇഗ്നേഷ്യസ് കലയന്താനി

# മഴനിലാവ്

കഥാസാരം: ഒരു നിർധന നമ്പൂതിരിക്കുടുംബത്തിലെ അഞ്ചു പെൺമക്കളിൽ മൂത്തയാളാണ് ഇന്ദുലേഖ. ദൂരെ സ്കൂളിൽ ജോലികിട്ടിയ ഇന്ദു സ്കൂൾ മാനേജർ ആനന്ദന്റെ മകൻ അഭിഷേകുമായി സൗഹൃദത്തിലായി. അവർ തമ്മിൽ പ്രണയമാണെന്നു തെറ്റിധരിച്ചു മാനേജർ അവളെ പിരിച്ചുവിട്ടു. ഇതറിഞ്ഞ് ഇന്ദുവിന്റെ അച്ഛൻ നാരായണൻ നമ്പൂതിരി ഹൃദയാഘാതം വന്നു മരിച്ചു. പിന്നീട് ആനന്ദൻ ഇന്ദുവിനെ ചതിയിൽപ്പെടുത്തി ഹോട്ടൽമുറിയിലെത്തിച്ച്, പോലീസിനെ വിളിച്ചു വരുത്തി അപമാനിച്ചു. അപമാനിതയായ ഇന്ദു മരണത്തെപ്പറ്റി ചിന്തിച്ചു. സന്ദർശക വിസയിൽ അമേരിക്കയിൽ പോയ അഭിഷേക് തിരിച്ചെത്തി. കാര്യങ്ങൾ അറിഞ്ഞ അഭിഷേക് ഇന്ദുവിനെ തേടി അവളുടെ വീട്ടിലെത്തി. ഇന്ദു എവിടാണെന്ന് വീട്ടുകാർക്കും അറിയില്ലായിരുന്നു. ഇന്ദുവിന്റെ അമ്മ മരിച്ചു. ശവസംസ്കാരത്തിന് ഇന്ദു എത്തിയില്ല. ഇന്ദുവിനെ കണ്ടുപിടിച്ച് ആ കുടുംബത്തെ ഇനി സംരക്ഷിക്കേണ്ട ചുമതല തനിക്കാണെന്ന് അഭിഷേക് ചിന്തിച്ചു. ഇന്ദു മുമ്പ് ജോലിക്കു നിന്ന ചാണ്ടിക്കുഞ്ഞിന്റെ വീട്ടിൽ അഭിഷേക് എത്തി. (തുടർന്നു വായിക്കുക)

"അച്ചായന് എന്നെ പൂർണമായി വിശ്വസിക്കാം. ഇന്ദുവിനെ കണ്ടെത്തിയാൽ ആ കുടുംബത്തെ മുഴുവൻ ഞാനിനി സംരക്ഷിച്ചുകൊള്ളാം." അഭിഷേക് ഉറപ്പു കൊടുത്തു.

"അച്ഛനെ ധിക്കരിച്ച് നിനക്കതു ചെയ്യാനുള്ള തന്റേടമുണ്ടോ?" ചാണ്ടിക്കുഞ്ഞ് ചോദിച്ചു.

"ഇല്ലെങ്കിൽ ഞാനിപ്പം അന്വേഷിച്ചു വരില്ലായിരുന്നല്ലോ. പറയൂ, ഇന്ദു എവിടുണ്ട്?"

"അവള് ഇവിടടുത്ത് ഒരു അനാഥമന്ദിരത്തിൽ ജോലി ചെയ്യുന്നുണ്ട്." അതു കേട്ടതും അഭിഷേകിന്റെ കണ്ണുകൾ വിടർന്നു.

"ഏത് അനാഥമന്ദിരത്തിൽ?"

"സെന്റ് മേരീസ് പള്ളിയുടെ കീഴിലുള്ള, കുട്ടികളുടെ ഒരനാഥാലയത്തിലാ. അവളിപ്പം അവിടെ സമാധാനത്തോടെ ജീവിക്കുവാ. കുട്ടികളുടെ പ്രിയപ്പെട്ട ഇന്ദുച്ചേച്ചിയായിട്ട്. നിങ്ങളിനി അവിടെ പോയി കണ്ട് അവളുടെ സ്വസ്ഥത തകർക്കണ്ട. അവൾക്ക് വീട്ടിലേക്കു മടങ്ങിപ്പോകണമെന്ന ആഗ്രഹവുമില്ല ഇപ്പം."

"എങ്ങനെയാണ് അനാഥമന്ദിരത്തിൽ അവളെത്തിയത്?"

"നിങ്ങളുടെ അച്ഛൻ അപമാനിച്ച് ഇറക്കിവിട്ടപ്പം ആത്മഹത്യയെക്കുറിച്ചാ അവളാദ്യം ചിന്തിച്ചത്. പിന്നെന്തോ തോന്നി എന്നെ ഫോണിൽ വിളിച്ചു; ഒരു ജോലി തരാമോന്നു ചോദിച്ച്. ആദ്യം ഞാൻ കൈയൊഴിഞ്ഞതാ. ജോലി കിട്ടിയില്ലെങ്കിൽ ജീവിതം അവസാനിപ്പിക്കുമെന്നു കേട്ടപ്പോൾ എനിക്കാ കുട്ടിയെ ഉപേക്ഷിക്കാൻ മനസ്സുവന്നില്ല. കുറച്ചുകാലം അവളിവിടെ ജോലി ചെയ്തതാണല്ലോ. ഒരു മകളെപ്പോലെയായിരുന്നു അന്നു ഞാനവളെ കണ്ടത്. പക്ഷേ, എന്റെ ഭാര്യ ത്രേസ്യാ അവളെ ഇങ്ങോട്ടു കൊണ്ടുവരാൻ താത്പര്യപ്പെട്ടില്ല."

"പിന്നെങ്ങനെ അനാഥമന്ദിരത്തിൽ എത്തി?"

"ഇവിടടുത്ത് ഒരു ഓർഫനേജുണ്ട്. കത്തോലിക്കാ വൈദികർ നടത്തുന്നതാ. സെന്റ് മേരീസ് ഓർഫനേജ്. എന്റെ മക്കൾ അവർക്കു ധനസഹായം കൊടുക്കുന്നുണ്ട്. ഞാൻ അച്ചനെ വിളിച്ചു കാര്യം പറഞ്ഞു. ആദ്യം അച്ചൻ എതിർത്തു. വീട്ടിലറിയിക്കാതെ വരുന്ന ഒരു പെണ്ണിന് അഭയം കൊടുക്കുക എന്നു പറഞ്ഞാൽ തെറ്റല്ലേ? അച്ചൻ അതിന്റെ ഭവിഷ്യത്ത് എന്നെ ബോധ്യപ്പെടുത്തിയെങ്കിലും ആ കുട്ടിയെ കൈയൊഴിയാൻ എനിക്കു മനസ്സുവന്നില്ല. എന്റെ നിർബന്ധം കാരണം കുറച്ചുദിവസം താമസിപ്പിക്കാമെന്ന് അച്ചൻ സമ്മതിച്ചു. ഒരു നിബന്ധനയേ അച്ചൻ വച്ചുള്ളൂ. ഫോൺ ഉപയോഗിക്കരുതെന്ന്. അവൾക്കതിൽ എതിർപ്പില്ലായിരുന്നു. വന്നപാടെ അവൾ ഫോൺ അച്ചനെ ഏല്പിച്ചു. കുറച്ചുദിവസം കഴിഞ്ഞപ്പോൾ അച്ചൻ എന്നെ വിളിച്ചു പറഞ്ഞു: "വിചാരിച്ചപോലല്ല; നല്ല കുട്ടിയാണ്; എല്ലാ ജോലിയും ചെയ്യും; കുട്ടികൾക്കൊക്കെ അവളെ വലിയ ഇഷ്ടമാണ് എന്നൊക്കെ. അതു കേട്ടപ്പം എനിക്കും സന്തോഷമായി. കുഞ്ഞുങ്ങളുടെ കാര്യം നോക്കാൻ നല്ലൊരാളെ കിട്ടിയല്ലോ എന്ന സന്തോഷമാണ് ഇപ്പം അച്ചന്. മാസാമാസം കുറച്ചുപണം അവളുടെ അക്കൗണ്ടിൽ അച്ചൻ ഇടുന്നുണ്ട്. അവളും സന്തോഷവതിയാ. ഈ സാഹചര്യത്തിൽ ഇപ്പം അവളെ പോയിക്കണ്ട് അമ്മയുടെ മരണവിവരമൊക്കെ പറഞ്ഞ് അവളുടെ സന്തോഷം കളയണോ?"

"ഞാൻ പറഞ്ഞല്ലോ, വെറുമൊരു കൂടിക്കാഴ്ചയ്ക്കു പോകുന്നതല്ല ഞാൻ. ആ കുടുംബത്തെ മുഴുവൻ ഞാനിനി നോക്കിക്കോളാം."

"വിശ്വസിക്കാമോ നിങ്ങളെ?"

"തീർച്ചയായും."

"ഞാൻ അച്ചനോട് ഒന്നു വിളിച്ചു ചോദിക്കട്ടെ." ചാണ്ടിക്കുഞ്ഞ് എണീറ്റ് അടുത്ത മുറിയിലേക്കു പോയി. അഭിഷേക് ക്ഷമയോടെ സ്വീകരണമുറിയിൽ കാത്തിരുന്നു. തെല്ലുനേരം കഴിഞ്ഞു മടങ്ങിവന്നിട്ട് ചാണ്ടിക്കുഞ്ഞ് പറഞ്ഞു:

"അച്ചൻ പറഞ്ഞത് അഭിഷേകിനോട് അങ്ങോട്ടു ചെല്ലാനാ. നേരിട്ടു സംസാരിക്കാമെന്ന്."

"തീർച്ചയായും."

അച്ചന്റെ മേൽവിലാസം വാങ്ങിയിട്ട് അഭിഷേക് എണീറ്റു.

"അച്ചായന്റെ ഭാര്യയും മക്കളും?"

"മക്കളു മൂന്നുപേരും അമേരിക്കേലാ. ഞാനും ഭാര്യയും മാത്രമാ ഇപ്പം ഇവിടെ താമസം. അവള് അയൽപക്കത്തെ ഒരു വീട്ടിൽ പോയിരിക്കുവാ. ഞാൻ സൂചിപ്പിച്ചല്ലോ. അവൾക്ക് ഇന്ദുവിനെ ഒട്ടും ഇഷ്ടമല്ല. അതുകൊണ്ട് പലതും അവളെ അറിയിച്ചിട്ടില്ല."

യാത്ര പറഞ്ഞിട്ട് അഭിഷേക് പുറത്തേക്കിറങ്ങി. കാറിൽ കയറി നേരേ പോയത് സെന്റ് മേരീസ് പള്ളിയിലേക്കായിരുന്നു. പള്ളിമേടയുടെ മുമ്പിൽ കാർ നിറുത്തിയിട്ട് വരാന്തയിലേക്കു കയറി കോളിങ് ബെല്ലിൽ വിരലമർത്തി. വാതിൽ തുറന്നു പ്രത്യക്ഷപ്പെട്ടത് വികാരി ഫാ. ജോസഫ് മണപ്പള്ളി.



അഭിഷേക് സ്വയം പരിചയപ്പെടുത്തിയപ്പോൾ അച്ചൻ അകത്തേക്കു വിളിച്ചു സ്വീകരണമുറിയിൽ ഇരുത്തി.

"ഇന്ദുവിന്റെ ആരാ?"

കസേരയിൽ ഇരുന്ന് സീറ്റിലേക്കു ചാരിക്കൊണ്ട് അച്ചൻ ചോദിച്ചു.

"ഇന്ദു ജോലി ചെയ്തിരുന്ന സ്കൂളിലെ മാനേജരുടെ മകനാ."

"ആനന്ദന്റെ മകൻ?"

"അതെ."

"എന്താ ഇനിയും കൂട്ടിക്കൊണ്ടുപോയി അവളെ കൂടുതൽ ദ്രോഹിക്കാനാണോ?"

"അയ്യോ ഒരിക്കലുമല്ല. എന്റച്ഛൻ ചെയ്ത തെറ്റിന് പ്രായശ്ചിത്തം ചെയ്യാനാണ് ഞാൻ വന്നത്. ആ കുടുംബത്തെ ഇനി ഞാൻ സംരക്ഷിക്കും."

"നിങ്ങളുടെ അച്ഛൻ ചെയ്ത ദ്രോഹം എണ്ണിയെണ്ണി പറഞ്ഞ് എന്റെ മുമ്പിൽ നിന്നവൾ കരഞ്ഞു. ഒരു മനുഷ്യന് ഇത്രയും ക്രൂരനാകാൻ പറ്റുമോന്ന് ഞാൻ അതിശയിച്ചുപോയി."

"എല്ലാം എനിക്കറിയാം. അച്ഛൻ ചെയ്ത തെറ്റിന് മാപ്പു ചോദിക്കാൻകൂടിയാണ് ഞാനിപ്പം വന്നത്."

"വീട്ടുകാരറിയാതെ വന്ന ഒരു പെണ്ണിനെ ഞാനിവിടെ താമസിപ്പിച്ചത് റിസ്കാണെന്ന് അറിഞ്ഞുകൊണ്ടുതന്നെയാ. വല്ല കുഴപ്പവും ഉണ്ടാക്കിയിട്ടു പോന്നതാണോന്ന് അറിയില്ലല്ലോ. പക്ഷേ, കുറച്ചുദിവസം കഴിഞ്ഞപ്പം മനസ്സിലായി അവളു കളങ്കമില്ലാത്ത ഒരു പെണ്ണാണെന്ന്. അതുകൊണ്ട് അവളെ അനാഥാലയത്തിലെ കുഞ്ഞുങ്ങളുടെ ചുമതല ഞാൻ ഏല്പിച്ചു. പന്ത്രണ്ടു കുട്ടികളുടെ കുഞ്ഞേച്ചിയായി അവളിവിടെ ഇപ്പം സന്തോഷത്തോടെ കഴിയുവാ."

"ഞാൻ കുറച്ചുകാലം അമേരിക്കയിലായിരുന്നു അച്ചാ. ആ സമയത്താ പ്രശ്നങ്ങൾ ഉണ്ടാക്കി എന്റച്ഛൻ അവളെ അപമാനിച്ച് ഇറക്കിവിട്ടത്. തിരിച്ചുവന്നപ്പോഴാ കഥകളൊക്കെ അറിഞ്ഞത്."

"സത്യത്തിൽ എന്തായിരുന്നു സംഭവിച്ചത്?"

ട്രെയിനിൽവച്ച് ഇന്ദുലേഖയെ കണ്ടുമുട്ടിയതുമുതൽ ഒടുവിൽ പിരിച്ചുവിട്ടതുവരെയുള്ള കഥകൾ ഒന്നൊന്നായി അഭിഷേക് വിശദീകരിച്ചു. എന്നിട്ടു തുടർന്നു:

"കഴിഞ്ഞ ദിവസം ഇന്ദുവിന്റെ അമ്മ മരിച്ചു. ഇന്ദു എവിടാന്ന് അറിയില്ലാതിരുന്നതിനാൽ ആ വിവരം അറിയിക്കാൻ പറ്റിയില്ല. ഇപ്പം അവളുടെ നാല് അനിയത്തിമാർ തനിച്ചാ താമസം. ആ സാഹചര്യത്തിലാണ് എങ്ങനെയും ഇന്ദുവിനെ കണ്ടുപിടിക്കണമെന്ന് എനിക്കു തോന്നിയത്."

"അഭിഷേകും ഇന്ദുവും തമ്മിൽ പ്രണയമായിരുന്നോ?"

"ഒരിക്കലുമല്ല. നല്ല സൗഹൃദത്തിലായിരുന്നു. അതു മറ്റുള്ളവർ തെറ്റിധരിച്ചു. എന്റച്ഛന് അവളോടു പക തോന്നാനുള്ള പ്രധാന കാരണവും അതുതന്നെയാ."

"ഇപ്പം അച്ഛന്റെ തെറ്റിധാരണ മാറിയോ?"

"മാറിക്കാണും. എന്റെ വിവാഹം നിശ്ചയിച്ചിരിക്കാ."

"ഓഹോ! അപ്പം അഭിഷേക് ആ കുടുംബത്തെ എങ്ങനെ സംരക്ഷിക്കാനാണ് ഉദ്ദേശിക്കുന്നത്?"

"എന്റെ അനിയത്തിമാരായി കണ്ട് ഞാനവരെ സംരക്ഷിക്കും. അവരെ നല്ല നിലയിൽ വിവാഹം കഴിച്ചയയ്ക്കും."

"അച്ഛൻ എതിർത്താൽ?"

"എതിർത്താലും ഒരു കുടുംബം നോക്കാനുള്ള സാമ്പത്തികമൊക്കെ എനിക്കുണ്ടച്ചോ. എന്റെ പേരിലുമുണ്ട് കുറെ ഭൂസ്വത്തും ബിസിനസ് സ്ഥാപനങ്ങളുമൊക്കെ."

"ഞാനവളോട് കാര്യങ്ങളൊക്കെ ഒന്നു സംസാരിക്കട്ടെ. അഭിഷേക് കുറച്ചുനേരം വെളിയിലിരിക്കൂ."

"ശരി ഫാദർ."

അഭിഷേക് പുറത്തേക്കിറങ്ങി വരാന്തയിലെ കസേരയിലിരുന്നു. തെല്ലുനേരം കഴിഞ്ഞ് അച്ചൻ വെളിയിലേക്കിറങ്ങി വന്നിട്ട് പറഞ്ഞു.

"ഞാനവളോടു സംസാരിച്ചു. അവൾക്ക് നിങ്ങളെ കാണണമെന്ന് ആഗ്രഹമില്ല. ഒരുപക്ഷേ, നിങ്ങളുടെ അച്ഛനോടുള്ള ദേഷ്യം കൊണ്ടാകാം. അവളെ ഇവിടെനിന്ന് വിടാൻ എനിക്കും ഇഷ്ടമില്ല. ഒരമ്മയെപ്പോലെയാണ് അവളിപ്പം ഇവിടുത്തെ കുഞ്ഞുങ്ങളെ നോക്കുന്നത്. അവളിവിടെനിന്നു പോയാൽ ആ കുഞ്ഞുങ്ങൾക്കും ഒരുപാട് വിഷമമാകും."

"ഒന്നു നേരിട്ടു സംസാരിക്കാൻ ഒരവസരം തന്നൂടെ അച്ചോ?" അഭിഷേക് കെഞ്ചി.

"അവളുടെ മനസ്സമാധാനം കളയണോ അഭിഷേക്?"

"മനസ്സമാധാനം കളയുന്ന ഒരു വാക്കുപോലും എന്നിൽനിന്നുണ്ടാവില്ല അച്ചോ. അവൾക്കിഷ്ടമില്ലെങ്കിൽ ഞാൻ നിർബന്ധിച്ചു കൊണ്ടുപോകുകയുമില്ല. എന്റച്ഛൻ ചെയ്ത തെറ്റിന് മാപ്പു ചോദിച്ചിട്ട് പോകയെങ്കിലും ചെയ്യാല്ലോ."

"ശരി. ഞാനവളെ ഇങ്ങോട്ടു വിളിച്ചുവരുത്താം."

മണപ്പള്ളി അച്ചൻ അഭിഷേകിനെ മുറിയിലേക്കു വിളിച്ചിരുത്തിയിട്ട് മൊബൈൽ എടുത്തു നമ്പർ ഞെക്കി. ഇന്ദുവിനോട് ഉടനെ പള്ളിമേടയിലേക്കു വരാൻ ആവശ്യപ്പെട്ടു.

പതിനഞ്ചുമിനിറ്റ് കഴിഞ്ഞപ്പോൾ ഇന്ദു പള്ളിമേടയിലെത്തി.

ശേഷം 14-ാം പേജിൽ

# ശുദ്ധഹാസ്യത്തിന്റെ അലമാല തീർത്ത മഹാനടൻ



സാഗര എസ്.

ഇരുത്തം വന്ന അഭിനയമികവിൽ ഹാസ്യഭാവപ്രകടനങ്ങളുടെ ചേരുവകളെല്ലാം ചേർത്ത് മലയാളിയെ നിറുത്താതെ ചിരിപ്പിച്ച മഹാനടനു പ്രണാമം! ഇന്നസെന്റ് എന്ന പേരു തന്നെ മതിയായിരുന്നു മലയാളിയെ പൊട്ടിച്ചിരിപ്പിക്കാൻ. മലയാളസിനിമയ്ക്ക് 'ഇന്നസെന്റായ' ഒരു ശൈലി സമ്മാനിച്ചാണ് അദ്ദേഹം വെള്ളിത്തിരയിൽനിന്നു പടിയിറങ്ങുന്നത്. എങ്കിലും മലയാളിയുടെ ഹൃദയത്തിന്റെ തിരശ്ശീലയിൽ അദ്ദേഹം പൊട്ടിച്ചിരിച്ചുകൊണ്ടുതന്നെ എന്നും നിലനിൽക്കും.

മലയാളിയുടെ ജീവിതവുമായി എപ്പോഴും ചേർന്നുനിന്നതായിരുന്നു ഇന്നസെന്റിന്റെ കഥാപാത്രങ്ങൾ. കല്യാണവീടുകളിൽ പലപ്പോഴും കല്യാണരാമനിലെ മിസ്റ്റർ പോഞ്ഞിക്കരയുടെ 'അല്പം ചോറിടട്ടേ' എന്ന ചോദ്യം മുഴങ്ങുന്നുണ്ടാവും. മണിച്ചിത്രത്താഴിലെ 'രാഘവോ' വിളിയും വിയറ്റ്നാം കോളനിയിലെ 'ഇതല്ല ഇതിനപ്പുറം ചാടിക്കടന്നവനാണീ കെ.കെ ജോസഫ്' എന്ന ഡയലോഗും മലയാളസിനിമാസ്വാദകർ വളരെയധികം ആവേശത്തോടെയാണ് ഏറ്റെടുത്തത്. 'മോന്തയ്ക്കൊന്നു കൊടുത്തിട്ട് കണ്ണാടി എടുത്തു കാണിച്ചു കൊടുക്കടാ, അപ്പോ കാണും മാർക്ക്' എന്നു പറയുന്ന മിഥുനത്തിലെ കെ.ടി. കുറുപ്പും ആസ്വാദകരെ ത്രസിപ്പിക്കുന്നതായിരുന്നു.

സന്തോഷം താങ്ങാനാവാതെ വെട്ടിയിട്ട വാഴപോലെ വീഴുന്ന, ജഡ്ജി ഏമാനിൽനിന്ന് ഒരായുഷ്കാലം അനുഭവിച്ച പീഡനങ്ങൾക്കെല്ലാം പകരമായി, മുതലാളിയെ മത്തങ്ങാത്തലയാ എന്നു വിളിച്ച് അന്തസ്സായി ഇറങ്ങിപ്പോവുന്ന കിട്ടുണ്ണി പക്കാ ക്ലാസ്സ് ക്യാരക്ടറാണ്.

വീണുപോയിട്ടും വിട്ടുപോവാതെ നീല കണ്ഠനെ പൊതിഞ്ഞ സ്നേഹത്തിന്റെ പേരാണ് വാര്യർ. അത്ര എളുപ്പമല്ല വാര്യരാവാൻ. എളുപ്പമാണെന്നു തോന്നുന്നത്, ആ കഥാപാത്രത്തെ അവതരിപ്പിച്ചത് ഇന്നസെന്റ് ആയതുകൊണ്ടാണ്.

കടമ്പയേതും ചാടിക്കടക്കുമ്പോൾ നമ്മൾ മറക്കാതെ വിയറ്റ്നാംകോളനിയിലെ കെ. കെ. ജോസഫിനെ ഓർക്കും. എത്ര ലേറ്റ് ആയാലും അര മണിക്കൂർ മുമ്പു പുറപ്പെടാമെന്നു പറഞ്ഞത് മത്തായിച്ചനാണ്. ജീവിതത്തിൽ ഒരിക്കലെങ്കിലും മാന്നാർ മത്തായിയിലെ മത്തായിച്ചന്റെ ആ നമ്പർ എടുത്തു പ്രയോഗിക്കാത്തവർ ഉണ്ടാവുമോ? 'മത്തായിച്ചൻ ഉണ്ടോ?' എന്നു ചോദ്യത്തിന് 'ഇല്ല, ഉണ്ടില്ല' എന്നും ഇരുട്ടിൽ പേടിപ്പെടുത്തുന്ന വാഴയെ നോക്കി, 'വാഴ ആണെങ്കിലും വാ തുറന്നു പറഞ്ഞുകൂടേ?' എന്നൊക്കെ ഉരുളയ്ക്ക് ഉപ്പേരിപോലെയുള്ള മറുപടികൾ എക്കാലത്തും മാസാണ്.

ക്യാമറയ്ക്കു മുന്നിലെത്തി 'ബബ്ബ ബബ്ബ ബ്ബ' അടിക്കേണ്ടിവരുന്ന ഓരോ സന്ദർഭത്തിലും അഴകിയ രാവണനിലെ കരയോഗം പ്രസിഡന്റിനെ ഓർക്കും, 'തോന്നയ്ക്കൽ പഞ്ചായത്തിലെ അരിമണികൾ' പെറുക്കിപ്പെറുക്കി ക്ഷീണിച്ച അഭിനയമോഹിയെ ഓർക്കും.



പ്രാഞ്ചിയേട്ടൻ ആൻഡ് ദി സെയ്ന്റിൽ, പദ്മശ്രീ അല്ല, ഷെവലിയാർവരെ മേടിച്ചുകൊടുക്കാൻ തയ്യാറായി ചൂട്ടും കത്തിച്ച് അരിപ്രാഞ്ചിക്കു മുന്നിൽ നടക്കുന്നത് മേനോനാണ്. പ്രാഞ്ചിയുടെ കൈയിൽനിന്ന് അടിയും വാങ്ങി തിരിച്ചിറങ്ങുമ്പോഴുള്ള സങ്കടവും ദേഷ്യവും കലർന്ന ആ മുഖഭാവവും നടപ്പുമൊക്കെ കരിങ്കല്ലിനെയും ചിരിപ്പിക്കാൻ പര്യാപ്തമാണ്.

കല്യാണരാമനിലെ മിസ്റ്റർ പോഞ്ഞിക്കരയുടെ 'മ്യൂസിക് വിത്ത് ബോഡി മസിൽ ഷോ' എങ്ങനെ മറക്കാനാണ്! 'അതെന്താ നിനക്കു ചോറു വേണ്ടാത്തത്, അവന്റെ അമ്മേടെ വീടിനടുത്താ എന്റെ വീട് എന്നിട്ടാ അവനെന്നോടിങ്ങനെ' തുടങ്ങിയ ഡയലോഗുകളിലൂടെ ചിരിയുടെ മേളംതന്നെയാണ് തീർക്കുന്നത്.

മണിച്ചിത്രത്താഴിലെ ഉണ്ണിത്താൻ ഒരു കാർട്ടൂൺ കഥാപാത്രംപോലെ മലയാളിയെ കുടുകുടാ ചിരിപ്പിച്ച ഒരാളാണ്. 'അമ്മാവനോ, ആരുടെ അമ്മാവൻ, എവിടുത്തെ അമ്മാവൻ... അടുക്കരുത് അടുക്കക്കൂടാത്'- കാലൻകുടയും ചൂണ്ടിപ്പിടിച്ച് സ്ഥലം കാലിയാക്കാൻ ധൃതിവയ്ക്കുന്ന ആ ശരീരഭാഷയിൽപ്പോലും ഒരഴകും ഒഴുക്കുമുണ്ട്.

മദ്യപിച്ച്, കൈയിലൊരു കോഴിയുമായി വന്നിരുന്ന് നിഷ്കളങ്കമായ ചോദ്യങ്ങൾ ചോദിച്ച് പ്രസംഗവേദിയെ അലങ്കോലമാക്കുന്ന ചാക്കോമാപ്പിള (മനസ്സിനക്കരെ) മറക്കാനാവാത്ത കഥാപാത്രമാണ്. മോഹൻദാസ് കരംചന്ദ് ഗാന്ധി കിനാശ്ശേരിക്കാരനാണോ എന്ന ചാക്കോ മാപ്പിളയുടെ ചോദ്യമൊക്കെ നമ്മൾ എങ്ങനെ മറക്കാനാണ്!

ഈ പട്ടികയിലൊന്നും തീരുന്നില്ല ഇന്നസെന്റിന്റെ തനതുശൈലിയിൽ പതിപ്പിച്ചുവച്ച കഥാപാത്രങ്ങൾ. നന്ദനത്തിലെ കേശവൻനായർ, ചന്ദ്രലേഖയിലെ ഇരവിപിള്ള, വടക്കുനോക്കിയന്ത്രത്തിലെ ഉപദേശിയായ തലക്കുളം സർ, നാടോടിക്കാറ്റിലെ ബാലഗോപാലൻ, സന്ദേശത്തിലെ യശ്വന്ത് സഹായി, തലയണമന്ത്രത്തിലെ ഡാനിയൽ, ഗോഡ്ഫാദറിലെ സ്വാമിനാഥൻ, മഴവിൽക്കാവടിയിൽ ശങ്കരൻകുട്ടിമേനോൻ, മിഥുനത്തിലെ ലൈൻമാൻ കെ.ടി. കുറുപ്പ്, കാബൂളിവാലയിലെ കന്നാസ്, ആറാം തമ്പുരാനിലെ എസ്ഐ ഭരതൻ, കഥ പറയുമ്പോളിലെ ഈപ്പച്ചൻ മുതലാളി, നരനിലെ കേളപ്പേട്ടൻ, രസതന്ത്രത്തിലെ മണികണ്ഠനാശാരി, ഇന്ത്യൻ പ്രണയകഥയിലെ ഉതുപ്പ് വള്ളിക്കാടൻ, നമ്പർ 20 മദ്രാസ് മെയിലിലെ ടി ടി കഥാപാത്രം തുടങ്ങി ആ നിര നീളുന്നു.

മലയാളസിനിമാസ്വാദകരുടെ മനസ്സിൽനിന്ന് ഒരു മരണത്തിരയ്ക്കും മായ്ച്ചുകളയാനാവില്ല ഇന്നസെന്റ് എന്ന മനുഷ്യനെ. ഇടതുപക്ഷ ആശയങ്ങളോട് എന്നും അനുഭാവം പുലർത്തിയ ഇന്നസെന്റ് 2014 ലെ പതിനാറാം ലോക്സഭാ തിരഞ്ഞെടുപ്പിൽ മാർക്സിസ്റ്റ് പാർട്ടിയുടെ സ്വതന്ത്രസ്ഥാനാർഥിയായി ചാലക്കുടി മണ്ഡലത്തിൽനിന്നു വിജയിച്ചു. ഒരു ജനപ്രതിനിധി എന്ന നിലയിൽ തന്റെ ഉത്തരവാദിത്വങ്ങൾ നൂറു ശതമാനം ആത്മാർഥതയോടെ ചെയ്തതിലുള്ള ചാരിതാർഥ്യം അദ്ദേഹം പലയിടങ്ങളിലും പ്രകടിപ്പിച്ചിട്ടുണ്ട്.

ആനച്ചന്തം ഗണപതി മേളച്ചന്തം... (ഗജകേസരിയോഗം), കണ്ടല്ലോ പൊൻകുരിശുള്ളൊരു... (സാന്ദ്രം) കുണുക്ക് പെൺമണിയെ... (മിസ്റ്റർ ബട്ട്ലർ) സുന്ദരകേരളം നമ്മൾക്ക്... (ഡോക്ടർ ഇന്നസെന്റാണ്) എന്നീ പാട്ടുകളിലൂടെ ഗാനാലാപനരംഗത്തും ഇന്നസെന്റ് ഇടം നേടിയിട്ടുണ്ട്.

മലയാളസിനിമാചരിത്രത്തിലെ ശുദ്ധഹാസ്യത്തിന്റെ ഒരു യുഗംതന്നെയാണ് അവസാനിച്ചിരിക്കുന്നത്. മലയാളവും മലയാളിയും ഉള്ളിടത്തോളം കാലം എന്നും ഓർമിക്കപ്പെടുന്ന അതുല്യകലാകാരനു വിട!

ഈസ്റ്റർ ആശംസകൾ
S.J. ആയുർവേദ ഫാർമസി
പുതിയ കാവ് ടെമ്പിൾ റോഡ്
ചെത്തിമറ്റം – പാലാ
ബ്രാഞ്ചുകൾ : കോട്ടയം & ആലപ്പുഴ
മദ്യപാനരോഗചികിത്സ ആയുർവേദത്തിലൂടെ...
നിരാശയിലാണ്ടുപോയ ആയിരക്കണക്കിനു കുടുംബങ്ങളെ സ്വസ്ഥതയിലേക്കു തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞ ദിവ്യൗഷധം
Please Contact:
Dr. K.V. Joseph DAM
Mob: 9447421216, 04822-214167

ഈസ്റ്റർ – വിഷു ആശംസകൾ
മംഗളമുഹൂർത്തങ്ങൾക്ക് തൃപ്തികരമായ വിഭവങ്ങളുമായി
തൃപ്തി
കേറ്ററിംഗ് സർവ്വീസ്
മേവട
Mobile : 9495165034, 9744741102
ഭക്ഷണപദാർത്ഥങ്ങൾ ഓർഡർ അനുസരിച്ച് കൃത്യസമയത്ത് മിതമായ നിരക്കിൽ എത്തിച്ചുകൊടുക്കുന്നു.